# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1130 04.02.2019 ൽ മറുപടിക്ക്**

**ആറ്റിങ്ങൽ ബൈപ്പാസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാനായി ആറ്റിങ്ങൽ ബൈപ്പാസ് അടിയന്തര പ്രാധാന്യത്തോടെ നിർമ്മിക്കുവാൻ സാധിക്കുമോ; | എ) | പ്രവൃത്തി നടപ്പാക്കാനുദ്ദേശിക്കുന്ന ചേർത്തല - ഓച്ചിറ - കഴക്കൂട്ടം ( കി മീ 379/100 മുതൽ കി മീ 465/000) വരെ ) നാലു വരി പാത വികസന പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസിന്റെ പുതിയ അലൈൻമെന്റ് ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) | കഴക്കൂട്ടം - ചേർത്തല പാതയുടെ പൂർത്തീകരണത്തിന് മുൻപായി, അതിരൂക്ഷ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങൽ പോലുള്ള പ്രദേശത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | ആറ്റിങ്ങൽ ടൗണിലെ ഗതാഗത കുരുക്ക് കുറക്കുന്നതിനായി ടൗണിൽ കൂടി കടന്നു പോകുന്ന ദേശീയപാതയുടെ വികസനത്തിന് സംസ്ഥാന സർക്കാർ ഉത്തരവ് നം.(സാധാ)/1662/2017/പൊമവ തീയതി 07.11.2017 പ്രകാരം 24.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 10.12.2018 ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൂവമ്പാറ മുതൽ മൂന്ന്മുക്ക വരെയുള്ള ആറ്റിങ്ങൽ ടൗണിലൂടെ കടന്നു പോകുന്ന പാത 16 മീ വീതിയിൽ വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**